കോളേജിലും ഓരോ യൂണിറ്റ് (50 സീറ്റ്) വീതം നടത്തുന്നതിനും അതുസംബന്ധിച്ച് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ നിർദ്ദേശിച്ച പ്രകാരമുള്ള സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനും സർക്കാർ/എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാർക്ക് അനുവാദം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്തു കൊണ്ടാണ് നിലവിലുള്ള അദ്ധ്യാപകരെക്കൊണ്ട് കോഴ്സ് നടത്തിക്കുവാൻ കഴിയുന്നവിധത്തിൽ (50 സീറ്റ്) എന്ന തീരുമാനമെടുത്തത്.

(സി&ഡി) നിലവിലെ 1 വർഷ ദൈർഘ്യമുള്ള ബിഎഡ്. കോഴ്സിനുപോലും സർക്കാർ/എയ്ഡഡ് ടെയിനിംഗ് കോളേജുകളിൽ അവസാന അലോട്ട്മെന്റ് കഴിഞ്ഞാലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. 2014-15 അദ്ധ്യയന വർഷത്തിൽ 2 റഗുലർ അലോട്ട്മെന്റുകളും ഒരു കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റും എസ്.സി., എസ്.റ്റി. വിദ്യാർത്ഥികൾക്കുള്ള ഒരു സ്പെഷ്യൽ അലോട്ട്മെന്റും പൊതുവായ ഒരു സ്പോട്ട് അലോട്ട്മെന്റും നടത്തിയ ശേഷവും സർക്കാർ/എയ്ഡഡ് ടെയിനിങ് കോളേജുകളിൽ 150-ഉം സ്വാശ്രയ ടെയിനിങ് കോളേജുകളിൽ 3000-ൽ അധികവും സീറ്റുകൾ ഒഴിഞ്ഞുകിടന്നു. ആയതിനാൽ നിലവിൽ സീറ്റുകളുടെ എണ്ണത്തിലുണ്ടായ കുറവ് വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തുവാൻ സാദ്ധ്യതയില്ല. ആയതിനാൽ ഈ തീരുമാനം സ്വാശ്രയ ബി.എഡ്. കോളേജുകൾക്ക് വിദ്യാർത്ഥികളെ കൂടുതൽ ചൂഷണം ചെയ്യാൻ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നില്ല.

ഓപ്പൺ കോഴ്സുകൾക്ക് കൗൺസിൽ

30 (*120) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി തലം വരെയുള്ള ഓപ്പൺ കോഴ്സുകളുടെ നടത്തിപ്പിന് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രത്യേക കൗൺസിൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠന റിപ്പോർട്ട് പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഈ പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോഴ്സുകൾ ഈ കൗൺസിലിനു കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഡോ. എ. അച്യുതൻ ചെയർമാനായി ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചു. പ്രസ്തുത സമിതി കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ 'സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോംഗ് എഡ്യൂക്കേഷൻ, കേരള (SCOLE, Kerala)' എന്ന പേരിൽ ഒരു സ്വതന്ത്ര സ്ഥാപനമാക്കി പരിഷ്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമായി റിപ്പോർട്ട് സർക്കാരിന് നൽകുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്മേലുള്ള ഭേദഗതികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള SCOLE, Kerala-യുടെ MOA-യുടെയും Rules & Regulations-ന്റെയും പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഡോ. എ. അച്യുതൻ കമ്മിറ്റിയുടെ പഠന റിപ്പോർട്ടിലെ സംക്ഷിപ്ത വിവരം അടങ്ങുന്ന രേഖയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. തൊഴിൽ സാധ്യതയുള്ള സാങ്കേതിക കോഴ്സുകൾ ഓപ്പൺ സ്കൂളിന്റെ കീഴിൽ തുടങ്ങുന്നതിന്റെ മുന്നോടിയായി ഈ അദ്ധ്യയന വർഷം മുതൽ ഡി.സി.എ. കോഴ്സ് ആരംഭിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റൂസ

1 (1037) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂസ (RUSA) നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly